പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2007

5/10/2016-ലെ മറുപടിയ്ക്ക്

## ശരണ്യ കൈവല്യ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. എം. മുകേഷ്<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് 'ശരണ്യ സ്വയം തൊഴിൽപദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) ഏതെല്ലാം വിഭാഗക്കാരെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) കേരളത്തിലെ എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗം വനിതകളെയാണ് ശരണ്യാ സ്വയംതൊഴിൽ പദ്ധതി ആരംഭിച്ച സമയത്ത് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ, 28/1/2016-ലെ സ.ഉ. (പി) നം. 18/2016/തൊഴിൽ ഉത്തരവ് പ്രകാരം ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ തുടങ്ങിയവ) ഭർത്താക്കൻമാരുള്ള വനിതകളേയും ഭിന്നശേഷിയുള്ള വനിതകളേയും കൂടി ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | വിഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളുടെ ഉന്നമനത്തിനായി കൈവല്യ സമഗ്ര പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | സി) | ഉണ്ട് |
| ഡി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളും വിശദാംശങ്ങളും വ്യക്തമാക്കാമോ? | ഡി) | എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുരധിവാസം ലക്ഷ്യമിട്ട് എംപ്ലോയ് മെന്റ് വകുപ്പ് വഴി "കൈവല്യ" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ നാല് ഘടക പദ്ധതികൾ സമന്വയിപ്പിച്ചിട്ടുണ്ട്.<br>1) വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്<br>2) കപ്പാസിറ്റി ബിൽഡിംഗ്<br>3) മത്സരപരീക്ഷാ പരിശീലനം<br>4) സ്വയംതൊഴിൽ വായ്പാ സഹായ പദ്ധതി<br>പദ്ധതിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിയുള്ള വരെ മേൽ പരാമർശിച്ചിട്ടുള്ള ഒന്നോ അതിലധികമോ ഘടക പദ്ധതികളിലൂടെ വരുമാനമാർഗ്ഗമുള്ള തൊഴിൽ കണ്ടെത്തി സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ